ഉത്തരം

(എ&ബി) കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിനുള്ള തുക പ്ലാൻ പി. ഡി. ചെക്കുകൾ മുഖാന്തിരമാണ് പിൻവലിക്കുന്നത് 30-6-2003 വരെയുള്ള പ്ലാൻ പി. ഡി. ചെക്കുകൾ ട്രഷറി നിയന്ത്രണത്തിന്റെ പരിധിയിൽപ്പെടുന്നില്ല. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള പ്ലാൻ പി. ഡി. ചെക്കുകൾ മേൽപ്പറഞ്ഞ സമയ പരിധിയിൽപ്പെടാത്തവയാണെങ്കിൽ പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അതാതു ട്രഷറികൾക്കു നല്കുന്ന പ്രത്യേക നിർദ്ദേശങ്ങളിലൂടെ ട്രഷറി നിയന്ത്രണത്തിൽ ഇളവു നല്കിയും വരുന്നുണ്ട്.

എസ്. ബി. അക്കൗണ്ടുകൾ നിർത്തലാക്കുവാനുള്ള തീരുമാനം

18 (4057) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജില്ലാ ട്രഷറികളിൽ ആരംഭിച്ച പ്രത്യേക എസ്. ബി. അക്കൗണ്ടുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം അർഹരായവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഈ ഇനത്തിൽ ലക്ഷക്കണക്കിന് രൂപ വിതരണം ചെയ്യാതെ കിടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ അക്കൗണ്ടുകൾ നിർത്തലാക്കുന്നതോടെ ആശ്രിതർക്ക് നൽകിയ ചെക്കുകൾ മാറാൻ കഴിയാതെ വരുമെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(എഫ്) നിയമ നടപടികളുടെ നൂലാമാലകൾ കാരണം പലരും സഹായം ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഇനത്തിൽ സംസ്ഥാനമൊട്ടാകെയുള്ള ട്രഷറികളിലായി 2.90 കോടി രൂപ ബാലൻസ് ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ലഭിച്ചിട്ടില്ല.

(എച്ച്) ഈ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള അധികാരി ജില്ലാ കളക്ടർ ആണ്. പ്രസ്തുത അക്കൗണ്ടിനായി സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുവാനും ബാങ്ക് അക്കൗണ്ട് തുറക്കാൻ ആവശ്യപ്പെട്ട കളകടർമാർക്ക് അതിനുള്ള അനുവാദവും നൽകിയിട്ടുണ്ട്.

ഗൾഫിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ

19 (4058) ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾക്കായി ജില്ലാ ട്രഷറികളിൽ ആരംഭിച്ച പ്രത്യേക എസ്. ബി. അക്കൗണ്ടുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം അക്കൗണ്ടുകൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് മൊത്തം ഇത്തരത്തിലുള്ള എത്ര അക്കൗണ്ടുകൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട് ;

(ഡി) വിവിധ ജില്ലകളിലായി ഈ ഇനത്തിലുള്ള എത്ര കോടി രൂപ വിതരണം ചെയ്യപ്പെടാതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) എത്ര തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിക്ഷേപിക്കാൻ കഴിയാതെ കൈവശമുണ്ട് ; ഈ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) സംസ്ഥാനത്ത് ഇത്തരം ഏഴ് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വിവിധ ജില്ലകളിലായി ഈ ഇനത്തിൽ 2,90,57,566 രൂപ ബാലൻസ് ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly